എസ്.എൽ.എസ്.സി. അംഗീകരിച്ച പുതിയ ശുദ്ധജല വിതരണ പദ്ധതികൾ

128 (2606) ശ്രീ. ബാബു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷം എസ്.എൽ.എസ്.സി. അംഗീകരിച്ച പുതിയ ശുദ്ധജല വിതരണ പദ്ധതികൾക്ക് ധനവകുപ്പ് അനുമതി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) എസ്.എൽ.എസ്.സി. അംഗീകരിച്ച ശുദ്ധജല വിതരണ പദ്ധതികൾക്ക് അനുമതി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ജലവിഭവ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങളോടുകൂടിയ വ്യക്തമായ പ്രൊപ്പോസൽ ജലവിഭവ വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ചിട്ടിവ്യവസായത്തിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ

129 (2607) ശ്രീ. എ. സി. മൊയ്തീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിട്ടി വ്യവസായത്തിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തിൽ 1975-ലെ ചിട്ടി ആക്ട് അനുസരിച്ചുള്ള ചിട്ടി നടത്തിപ്പാണ് പ്രാബല്യത്തിലുള്ളത്. കാലാകാലങ്ങളിൽ വേണ്ടത്ര പരിഷ്ക്കാരങ്ങൾ വരുത്തി കുറ്റമറ്റ രീതിയിൽ കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾ ടി ചിട്ടി നടത്തി വരുന്നു. മറ്റ് പുതിയ പരിഷ്ക്കാരങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

അട്ടപ്പാടി മിനി സിവിൽ സ്റ്റേഷൻ

130 (2608) ശ്രീ. എ. കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അട്ടപ്പാടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള അനുമതി ധനകാര്യവകുപ്പ് നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നല്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

16-2-2011-ൽ അട്ടപ്പാടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തി പ്രത്യേക കേസായി പരിഗണിച്ച് ധനകാര്യ വകുപ്പ് 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly